LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

230 (1287) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പുഴ തീരം സംരക്ഷിക്കുന്നതിനുള്ള എത്ര പ്രവൃത്തികൾക്ക് 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ ഏതെല്ലാം എന്നും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്നും ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പുഴതീരം സംരക്ഷിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ താഴെപ്പറയും പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

2012-13	-	11 പ്രവൃത്തികൾ
2013-14	-	52 പ്രവൃത്തികൾ
2014-15	-	ഇല്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡാറ്റാബേസ് വെരിഫിക്കേഷൻ സംവിധാനം

231 (1288) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡാറ്റാബേസ് വെരിഫിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംവിധാനത്തിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുന്ന കാര്യം പരിഗണിക്കുമോ ;

(സി) നിലവിൽ എത്ര വില്ലേജ് ഓഫീസുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്? വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും (എസ്.എസ്.എൽ.സി. 2001 മുതലുള്ളത്) മോട്ടോർവാഹന വകുപ്പിന്റെയും ഡാറ്റാബേസുകൾ ഓൺലൈനായിത്തന്നെ പരിശോധിക്കാൻ നിലവിൽ റവന്യൂ വകുപ്പിന് സാധിക്കുന്നതാണ്. കൂടുതൽ വകുപ്പുകളുടെ ഡാറ്റാബേസുകൾ വെരിഫിക്കേഷന് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഐ.റ്റി. മിഷൻ വഴി നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്. കൂടാതെ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ 1630 വില്ലേജുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകരിച്ചിട്ടുള്ള 30 വില്ലേജുകളിലും സാങ്കേതിക കാരണത്താൽ നടപ്പിലാക്കാൻ കഴിയാത്ത വില്ലേജുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്

1. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതി തടസ്സങ്ങളില്ലാതെ മുന്നോട്ടുപോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകളും ബന്ധപ്പെട്ട ബൈലോയും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്.

2. First in First Out (FIFO) രീതി ഇതിനോടകംതന്നെ ഈ പദ്ധതിയിൽ ഉറപ്പാക്കിയിട്ടുണ്ട്.

3. ജില്ലകളിൽനിന്നും ലഭ്യമായ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സോഫ്റ്റ്വെയറിൽ ഭേദഗതികൾ വരുത്തുന്നതിനായി ഐ.റ്റി. മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

4. ഇപ്പോൾ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ് എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് വില്ലേജിലെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്വെയറിൽ നടപ്പിലാക്കിയിട്ടുള്ള Scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരേ ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഇത് അപര്യാപ്തമാണെന്നും ഓരോ കമ്പ്യൂട്ടർ/ ലാപ്ടോപ്, യു.പി.എസ്. എന്നിവകൂടി അനുവദിക്കണമെന്നും വിശദമായ പട്ടിക സഹിതം ഐ.റ്റി. മിഷനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly